# കത്തുകൾ




## കേരളം ഗോവ പോലെ ആവാതിരുന്നത്

**മലബാറിലെ** സാമ്രാജ്യത്വവിരുദ്ധ സമരങ്ങളിലെ സാംസ്കാരിക-ദാർശനിക പരിസരത്തെക്കുറിച്ച് കെ.ടി ഹുസൈൻ അവതരിപ്പിച്ച പ്രബന്ധത്തിലെ ചില സംഗതികളുമായുള്ള വിയോജനങ്ങൾ താഴെ കുറിക്കുന്നു:

വാസ്കോ ഡ ഗാമയെക്കുറിച്ച് പറയുന്നിടത്ത്, സ്ത്രീകളും കുട്ടികളും അടക്കം നാനൂറോളം തീർഥാടകരെ കപ്പലിൽ ചുട്ടുകൊന്നുവെന്ന് പ്രബന്ധാവതാരകൻ പറയുന്നു: "........ മലബാറിൽ ആദ്യമായി കാലുകുത്തിയ പോർച്ചുഗീസ് നാവികൻ വാസ്കോ ഡ ഗാമ തന്നെയാണ് ഈ പൈശാചികതക്ക് നേതൃത്വം നൽകിയത്. ചങ്ങലയിൽ ബന്ധിതമായ നിലയിൽ എരിഞ്ഞമരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആർത്തനാദങ്ങൾ കപ്പലിന്റെ ദ്വാരത്തിലൂടെ ഗാമ കണ്ടു രസിക്കുമായിരുന്നത്രെ..."

എന്നാൽ ഈ ക്രൂരകൃത്യം ചെയ്ത 'ഗാമ' വാസ്കോ ഡ ഗാമയല്ല. വാസ്കോ ഡ ഗാമ കാപ്പാട്ട് കപ്പലിറങ്ങി പോർച്ചുഗീസ് രാജാവിനു വേണ്ട എല്ലാ ചുറ്റുവട്ടങ്ങളും ഉണ്ടാക്കിക്കൊടുത്ത ശേഷം തിരിച്ചുപോയിരുന്നു (പ്രഫ. കെ.വി അബ്ദുർറഹ്മാൻ, *മാപ്പിള ചരിത്ര ശകലങ്ങൾ*-1998). അതിനു ശേഷം വർഷങ്ങൾ കഴിഞ്ഞാണ് വാസ്കോ മറ്റൊരു ദൗത്യവുമായി മലബാറിലേക്ക് വീണ്ടും വരുന്നത്. തീർഥാടകരെ ചുട്ടുകരിച്ച സംഭവം 1502-ലാണ്. ആ ഗാമ അന്നത്തെ അഡ്മിറലായിരുന്ന എസ്റ്റാവോ ഡ ഗാമയാണ്.

".... 1502-ൽ എസ്റ്റാവോ ഡ ഗാമയുടെ നേതൃത്വത്തിലുള്ള ഒരു പോർച്ചുഗീസ് കപ്പൽ സൈന്യം ഇന്ത്യയിലേക്കുള്ള വഴിക്കുവെച്ച് മക്കയിൽനിന്ന് ഹജ്ജ് കഴിഞ്ഞ് മടങ്ങുകയായിരുന്ന കോഴിക്കോട്ടെ വർത്തകപ്രമാണിയായ ഖാജാ കാസിമിന്റെ സഹോദരന്റെ ഒരു കപ്പൽ ആക്രമിച്ച് കൊള്ളയടിച്ച് സാമാനങ്ങളെല്ലാം കപ്പലിൽനിന്ന് എടുത്ത ശേഷം യാത്രക്കാരെ ആരെയും കപ്പൽ വിടാൻ അനുവദിക്കരുതെന്ന് ഗാമ ആജ്ഞാപിച്ചു. അതിനു ശേഷം കപ്പലിന് തീകൊടുത്തു. കപ്പലിനൊപ്പം സ്ത്രീകളടക്കമുള്ള യാത്രക്കാരെല്ലാം അഗ്നിക്കിരയായി...." (പ്രഫ. കെ.വി അബ്ദുർറഹ്മാൻ, *മാപ്പിള ചരിത്ര ശകലങ്ങൾ*-1998).

കൊച്ചിയിലും ചാലിയത്തും കോട്ടയുണ്ടാക്കിയത് അവിടങ്ങളിലെ മുസ്‌ലിംപള്ളികൾ പൊളിച്ചാണ് എന്ന് പ്രബന്ധത്തിൽ പറയുന്നുണ്ട്. ചാലിയം കോട്ട, പള്ളി പൊളിച്ച കല്ലും മണ്ണും കൊണ്ടുതന്നെയാണ് എന്നത് ശരിതന്നെ. ചാലിയത്തെ പള്ളി പൊളിച്ചും ശ്മശാനത്തിലെ കല്ലുകൾ ഉപയോഗിച്ചുമാണ് 1531-ൽ പോർച്ചുഗീസുകാർ ചാലിയം കോട്ട പണിതത്. 1509-ൽ പോർച്ചുഗീസുകാർ മിശ്കാൽ പള്ളിക്കു തീവെച്ചു. 1571-ലാണ് ചാലിയത്തെ പോർച്ചുഗീസ് കോട്ട കീഴടക്കുന്നത് (Logo, William, Malabar manual). അതേസമയം കൊച്ചി കോട്ടയുടെ കഥയങ്ങനെയല്ല.

മലബാറിലെ കച്ചവടത്തിന്റെ ഇടനിലക്കാരെന്ന നിലയിൽ കോയപ്പക്കിയെ സാമൂതിരി നിയോഗിച്ചു. കോയപ്പക്കിയിലൂടെ അവർ മനസ്സിലാക്കിയതാണ് കൊച്ചി രാജാവ് സാമൂതിരിയുമായി നല്ല വിധത്തിലല്ലെന്നും ശത്രുതയുണ്ടെന്നും (Miller, Rolland, e. mappila muslims of kerala). ഇതനുസരിച്ച് പോർച്ചുഗീസ് സംഘം കൊച്ചി രാജാവിനെ കൂട്ടുപിടിച്ചു. കൊച്ചി രാജാവാകട്ടെ ക്രമേണ അവരുടെ കൈയിൽ അമർന്നുപോവുകയും അവർ കൽപിക്കുന്നതിനൊക്കെ വഴങ്ങുകയും ചെയ്തു. കൊച്ചിയിൽ ഒരു കോട്ട പണിയണമെന്നും അതിനുള്ള സ്ഥലം നൽകണമെന്നും പറഞ്ഞ് കൊച്ചി രാജാവിന്റെ തന്നെ സ്ഥലം അവർ കൈപ്പറ്റി. ഈ കോട്ടക്ക് കൊച്ചി രാജാവിനെ കൊണ്ട് തന്നെ തറക്കല്ല് ഇടുവിക്കുകയും ചെയ്തു (Menon iik. Kunchali Marakkar 1998).

അസീസ് മഖ്ദൂം ചാലിയം യുദ്ധത്തിൽ പോരാളി മാത്രമായിരുന്നില്ല. തുടക്കം മുതൽ എല്ലാ ആസൂത്രണങ്ങളിലും കാര്യമായ പങ്കു വഹിച്ചയാളാണ്. ചാലിയം യുദ്ധത്തിന്റെ തോൽവിയിൽ പകവീട്ടാൻ പൊന്നാനി ആക്രമിച്ചു എന്നത് നേര്. എന്നാൽ ചരിത്രം രേഖപ്പെടുത്തുമ്പോൾ അതോടൊന്നിച്ച് വിട്ടുപോകാൻ പാടില്ലാത്ത സുപ്രധാനമായ ഒരു സംഗതിയാണ് പൊന്നാനിയെ ആക്രമിക്കുന്നത് ആദ്യമായല്ല എന്ന വസ്തുത. പൊന്നാനി അതിനു മുമ്പും ആക്രമിക്കപ്പെട്ടിട്ടുണ്ട്.

"...ഇക്കാലത്ത് കോട്ട പിടിക്കുന്നതിൽ സാമൂതിരിക്ക് സഹായം സംഘടിപ്പിക്കാനായി മലബാറിലെ മുസ്‌ലിം നേതാക്കൾ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ ഷാബന്തർ ഉമറുൽ അന്താബിയും ഖാദി അബ്ദുൽ അസീസും പൊന്നാനിയിലെ അബ്ദുൽ അസീസ് മഅ്ബരിയും പങ്കെടുത്തിരുന്നു. ചാലിയം കോട്ടയുടെ പതനം മലബാറിനെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള പോർച്ചുഗീസുകാരുടെ വാഞ്ഛക്ക് വിരാമമിട്ടു. പക്ഷേ, തീരപ്രദേശനഗരങ്ങളുടെ നേർക്ക് ആക്രമണവും കൊള്ളയും പോർച്ചുഗീസുകാർ പിന്നെയും തുടർന്നു....." (പ്രഫ. കെ.വി അബ്ദുർറഹ്മാൻ, *മാപ്പിള ചരിത്ര ശകലങ്ങൾ*-1998).

സാമൂതിരിക്കെതിരിലുള്ള പടയോട്ടത്തിൽ പോർച്ചുഗീസ് സംഘം കൊച്ചി രാജാവിന്റെ സഹായത്താൽ ഗംഭീര യുദ്ധം നടത്തുകയുണ്ടായി. സാമൂതിരിയും കൊച്ചി രാജ്യവും തമ്മിലുള്ള യുദ്ധമായാണ് അതിനെ രേഖപ്പെടുത്തിയിട്ടുള്ളത്. സാമൂതിരിയും പറങ്കികളും തമ്മിൽ ഏറ്റുമുട്ടുന്ന രണ്ടാം അങ്കമാണ് ഇത്. ഇത് ലോകചരിത്രത്തിൽതന്നെ പ്രത്യേക ശ്രദ്ധയാകർഷിക്കുന്നുണ്ട്. ഒന്നാം ലോകയുദ്ധത്തിനു (1914-1918) മുമ്പായി നടന്ന ഏറ്റവും നീണ്ട യുദ്ധമാണിത് എന്ന ഒരു സവിശേഷത ഈ ഏറ്റുമുട്ടലിനുണ്ട്.

ഇതിൽ കൊച്ചി രാജ്യത്തിന് ഏറ്റ തോൽവി പറങ്കികളുടെ തന്നെ തോൽവിയായിരുന്നു എന്നതിനാൽ സാമൂതിരിയുടെ സാമ്പത്തിക സ്രോതസ്സുകളുടെ നട്ടെല്ലൊടിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മുഖ്യ വാണിജ്യ കേന്ദ്രമായിരുന്ന പൊന്നാനിയിലെ പാതാറും മറ്റു കേന്ദ്രങ്ങളും കൊള്ളയടിക്കുകയും കത്തിക്കുകയും ചെയ്തത്. അന്ന് പൊന്നാനിയിൽ താമസമാക്കിയിരുന്ന കോയാലിയെന്ന 'കുഞ്ഞാലി മരക്കാർ ഒന്നാമൻ' പറങ്കിപ്പടയെ ചെറുത്തു. ആൾനാശവും മറ്റും വന്നതിനാൽ വന്ന വഴിക്കുതന്നെ പറങ്കികൾക്ക് തിരിച്ചുപോകേണ്ടിവന്നു. ഇദ്ദേഹത്തിന്റെ സാഹസത്തെയും ധീരതയെയും സാമൂതിരി മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു. തന്റെ നാവികസേനയുടെ നേതൃത്വം മരക്കാർ ഒന്നാമനെ ഏൽപിക്കുകയായിരുന്നു സാമൂതിരി പിന്നീട്. സാമൂതിരിയുടെ കീഴിൽ, മരക്കാരുടെ നേതൃത്വത്തിൽ ആ മുസ്‌ലിം സംഘം കിടയറ്റ പണിയെടുത്ത് ഒന്നാംതരം നാവികസഖ്യമായി രൂപപ്പെടുത്തി. തന്റെ സൈന്യത്തിന്റെ പ്രതാപം മുസ്‌ലിം നാവികരിലൂടെ മാത്രമേ നിലനിൽക്കുകയുള്ളൂ എന്ന് സാമൂതിരി വിശ്വസിച്ചു. അന്ന് കോഴിക്കോട്ട് മുസ്‌ലിംകൾ വളരെ കുറവായിരുന്നു. ഇത്രയും ചെറിയ സംഘമാണ് നാടിനു വേണ്ടി പോരാടിയത് എന്ന് മനസ്സിലാക്കണം. മുസ്‌ലിംകൾ എണ്ണത്തിൽ കുറവാണ് എന്നതിന്റെ തെളിവായി നമുക്ക് കാണാൻ സാധിക്കുന്ന ഒരു ഉറവിടം 1507-ൽ കോഴിക്കോട് സന്ദർശിച്ച് പോർച്ചുഗീസുകാർക്കൊപ്പം യുദ്ധം ചെയ്ത ഇറ്റലിക്കാരനായ വാർതമ പറയു

ന്നതാണ്: "…. കോഴിക്കോട് ചുരുങ്ങിയ പക്ഷം പതിനായിരം മുസ്‌ലിംകളേ ഉണ്ടാവുകയുള്ളൂ. അതിൽ ഭൂരിഭാഗവും നാട്ടുകാർ തന്നെയാണ്…'' (പ്രഫ. കെ.വി അബ്ദുർറഹ്‌മാൻ, *മാപ്പിള ചരിത്ര ശകലങ്ങൾ*-1998).

അന്ന് പൊന്നാനിയിൽ നടന്ന റെയ്ഡിനും കൊള്ളക്കും ആക്രമണത്തിനും ചരിത്രത്തിൽ പ്രസക്തിയുണ്ട്. മരക്കാർ കുടുംബം സാമൂതിരിയുമായി അടുക്കുന്നത് ഇതിലൂടെയാണ്. ഇത് പിന്നീട് മലബാറിലെ സ്വാതന്ത്ര്യപോരാട്ടത്തിൽ ഒരു നാഴികക്കല്ലായി മാറുകയാണ്.

'….ദീർഘകാലം മുസ്‌ലിംകൾക്ക് താങ്ങും തണലുമായി വർത്തിച്ച സാമൂതിരി പോലും ഗത്യന്തരമില്ലാതെ അധിനിവേശക്കാരുമായി സന്ധി ചെയ്തപ്പോൾ….' എന്നു പറയുന്നത് അത്രകണ്ട് ശരിയല്ല. ഗത്യന്തരമില്ലാതെയുള്ള സന്ധിയായിരുന്നില്ല അത്. സാമൂതിരിയുടെ കൊട്ടാരത്തിലെ കാര്യക്കാരുടെ കുതന്ത്രങ്ങൾക്ക് വഴങ്ങിയതിന്റെ അനന്തരഫലമായിട്ടാണത്. സാമൂതിരിപത്നിയുടെ അത്യാഗ്രഹവും ഇതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പോർച്ചുഗീസ് വൈസ്രോയ് അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 1558-കൾക്കു ശേഷം വന്ന സാമൂതിരി രാജാക്കന്മാർ 'കാര്യശേഷി'യുള്ളവരായിരുന്നില്ല (Mappila of Malabar). കുഞ്ഞാലി മരക്കാർ നാലാമനെതിരിൽ കാര്യക്കാർ പടച്ചുവിട്ട അപവാദങ്ങളുടെ ചുഴിയിൽ അന്നത്തെ സാമൂതിരി വീണു. മങ്ങാട്ടച്ചനെ പോലും ഒരുവേള ആ സാമൂതിരി സംശയിച്ചു. കുഞ്ഞാലിയെ തുരത്താൻ വേണ്ടി പറങ്കികളുമായി കൂട്ടുകൂടി. അക്കണ്ട കാലമത്രയും തന്റെ പൂർവികർ നടത്തിയ പോരാട്ടങ്ങളെ താറടിക്കുന്നവിധം പടയോട്ടം നടത്തി. തന്റെ ആനയുടെ വാല് മുറിച്ചുകളഞ്ഞത് കുഞ്ഞാലിയാണ് എന്ന കള്ളക്കഥ വിശ്വസിച്ച സാമൂതിരി അവസാനം കുഞ്ഞാലി മരക്കാരെ ചതിക്കാനും കൊലക്കു കൊടുക്കാനും വരെ തയാറായി. ഗോവയിലെ തടവറയിൽനിന്ന് കുഞ്ഞാലി മരക്കാർ പറഞ്ഞിരുന്നത്രെ: 'സാമൂതിരിക്ക് ആനയുടെ വാലാണ് പൂർവികരേക്കാൾ കാര്യം' (Menon iik. Kunchali Marakkar 1998) എന്ന്. കൊച്ചി രാജാവും മറ്റും നടന്ന പാതയിലേക്ക് സാമൂതിരിയും നടന്നുവെന്ന ഖേദകരമായ വസ്തുത ആർത്തിയുടെയും അത്യാഗ്രഹത്തിന്റെയും അനന്തരഫലങ്ങളുടെ നല്ല പാഠമാണ്.

സൈനുദ്ദീൻ മഖ്ദൂം ഒന്നാമനെ കുറിച്ച് പറയുന്നിടത്ത് അദ്ദേഹം മരണമടഞ്ഞത് 1551-ലാണ് എന്ന് കാണാനായി. സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ മുഴുവൻ പേര് കൊടുത്തുകണ്ടില്ല. വേണ്ടത്ര പുസ്തകങ്ങൾ ഇന്ന് ലൈബ്രറികളിലുണ്ട്. എങ്കിലും പഴക്കമുള്ള ചരിത്രങ്ങൾ രേഖപ്പെടുത്തുമ്പോൾ കിട്ടാവുന്ന വിവരണങ്ങളും വിശേഷണങ്ങളും ഉൾക്കൊള്ളിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ഭാവിയിൽ ആരെങ്കിലും ചരിത്രസത്യങ്ങളെ വളച്ചൊടിക്കാൻ ശ്രമിക്കുന്നതിന് തടയിടാൻ ഇതുപകരിക്കും.

മഖ്ദൂം അബ്ദുൽ അസീസ് മഅ്ബരി തന്റെ പിതാവായ ശൈഖ് സൈനുദ്ദീൻ ഇബ്നു അലി ഇബ്നു അഹ്‌മദ് മഅ്ബരിയുടെ ഒരു സംക്ഷിപ്ത ജീവചരിത്രം തന്റെ *മസ്‌ലകുൽ അദ്കിയ* എന്ന ഗ്രന്ഥത്തിൽ ചേർത്തത് ഇപ്രകാരമാണ്:

"…. ഇദ്ദേഹം ശാഫിഈ മദ്ഹബുകാരനായ അലി ഇബ്നു അഹ്‌മദ് എന്നവരുടെ മകനാണ്. അബൂയഹ്‌യ എന്നൊരു ഓമനപ്പേരും ഇദ്ദേഹത്തിനുണ്ട്. യഥാർഥ വാസസ്ഥലം മഅ്ബർ ആണ്.

"…… ഇദ്ദേഹം പ്രസിദ്ധനായ പണ്ഡിതനും സൽസ്വഭാവിയും നിഷ്കളങ്കനായ ഒരു നേതാവുമായിരുന്നു. സകല വിദ്യകളിലും ജ്ഞാനം സമ്പാദിച്ച ദേഹവുമാണ്….. അനീതികളെ വെറുക്കുകയും അക്രമിക്കപ്പെട്ടവരെ സഹായിക്കുകയും തന്റെ തൊഴിലായി സ്വീകരിച്ചു. വളരെയധികം മതവിരോധമുള്ള സംഗതികളെ അദ്ദേഹം ഉന്മൂലനം ചെയ്തു. പുതിയ സൽപ്രവൃത്തികൾ അദ്ദേഹം ജനങ്ങൾക്ക് കാണിച്ചുകൊടുത്തു. അദ്ദേഹത്തിന്റെ സൽപ്രവൃത്തികൾ മുഖേന ഒട്ടധികം ജനങ്ങൾ ഇസ്‌ലാം ആശ്ലേഷിച്ചു…. ഹിജ്റ 928 ശഅ്ബാൻ മാസം 16-ന് വ്യാഴാഴ്ച അർധരാത്രിക്കു ശേഷം പൊന്നാനിയിൽ വെച്ച് ഈ മഹാൻ ഇഹലോകവാസം വെടിഞ്ഞു….'' (Maslakkul Adakkiyyah. rare manuscript).

മഖ്ദൂം ഒന്നാമന്റെ മരണവർഷം ഈ കണക്കനുസരിച്ച് ഹിജ്റ 928 എന്നാൽ ക്രിസ്തുവർഷം 1552 ആണ്.

കേരളത്തിന്റെ പൈതൃകത്തെയും സമ്പന്നമായ സംസ്കാരത്തെയും കുറിച്ച് നാം വാചാലരാവാറുണ്ട്. എന്നാൽ കേരളത്തിന്റെ സംസ്കാരം ഇന്നും ബാക്കിയായിട്ടുണ്ടെങ്കിൽ അതിന് കേരളജനത കടപ്പെട്ടിരിക്കുന്നത് മുഖ്യമായും കുഞ്ഞാലി മരക്കാർ കുടുംബത്തോടാണ്. പ്രമുഖ ചരിത്രകാരനും കോഴിക്കോട് സർവകലാശാലാ മുൻ വൈസ് ചാൻസലറുമായ കെ.കെ. എൻ കുറുപ്പ് പറഞ്ഞു: "കേരളത്തിന്റെ അയൽസംസ്ഥാനമായ പുതുച്ചേരി (പോണ്ടിച്ചേരി) ഫ്രഞ്ചുകാർ അടക്കിവാണപ്പോൾ അവിടത്തെ സംസ്കാരത്തിലും ജീവിതശൈലിയിലും വലിയ മാറ്റം വന്നു. ഗോവയിൽ അതേപടിയിൽ ഇന്നും കാണാം. അതേസമയം പറങ്കികളുടെയും ഫ്രഞ്ചുകാരുടെയും സംസ്കാരങ്ങൾ പറയത്തക്ക വിധത്തിൽ കേരളത്തിൽ പടർന്നില്ല. കുഞ്ഞാലി മരക്കാരെ പോലുള്ളവരുടെ ചെറുത്തുനിൽപാണ് ഇതിനു കാരണമായത്. ഓരോ ഏറ്റുമുട്ടലുകളിലും അവരെ തോൽപിച്ച് ആട്ടിപ്പായിക്കുമ്പോൾ ഒപ്പം നാടിനു ചേരാത്ത സംസ്കാരങ്ങളെയും അവരോടൊപ്പം കെട്ടുകെട്ടിച്ച് 'നാടുകടത്തി' വിട്ടു. കുഞ്ഞാലി മരക്കാരെ പോലുള്ളവരില്ലായിരുന്നെങ്കിൽ കേരളവും ഗോവ പോലെ ആയിത്തീർന്നേനെ."

**പി.വി യാസിർ**
yasirpv@diplomats.com

# നിയന്ത്രണം ആവശ്യമാണ്

**'ഇസ്‌ലാമിക** ചിന്ത പുനരാലോചനയുടെ പ്രസക്തി' എന്ന ലേഖനം വായിച്ചപ്പോൾ 'തഖ്‌ലീദി'(അന്ധമായ അനുധാവനം)നോടുള്ള വിപ്രതിപത്തിയും വിയോജിപ്പും ലേഖകനെ 'തഖ്‌ലീദ്' ചെയ്യപ്പെടുന്ന പണ്ഡിതന്മാരോടുള്ള അകൽച്ചയോളമെത്തിച്ചുവോ എന്ന് സംശയിച്ചുപോയി.

ഖുർആനിലും ഹദീസിലും ഖണ്ഡിത വിധിയുള്ള വിഷയങ്ങളിൽ 'ഇജ്തിഹാദി'ന്റെ പ്രശ്നമേ ഉദിക്കുന്നില്ല. അവ രണ്ടിലും വിധിയില്ലാത്തവയിലും, ഉള്ളതിൽതന്നെ വീക്ഷണവൈജാത്യത്തിന് പഴുതുള്ളതുമായ കാര്യങ്ങളിലാണ് നിയമനിർധാരണം ആവശ്യമായിവരുന്നത്. അത്തരം വിഷയങ്ങളിൽ പൂർവിക പണ്ഡിതന്മാരുടെ വിധികൾ ഒട്ടും പരിഗണിച്ചുകൂടെന്ന ശാഠ്യമെന്തിന്? പൗരാണികർ അഭിമുഖീകരിച്ചിട്ടില്ലാത്ത പുതിയ പ്രശ്നങ്ങളിൽ വിധി പറയേണ്ടത് ആധുനിക പണ്ഡിതന്മാരാണെന്നതിൽ സംശയമില്ല. അതവർ നിർവഹിക്കുകയും ദീനീനിഷ്ഠയുള്ള മുസ്‌ലിംകൾ പൊതുവെ അനുധാവനം ചെയ്യുന്നുമുണ്ട്. ലോകത്ത് അതിവേഗം പ്രചാരം നേടുന്ന ഇസ്‌ലാമിക ബാങ്കിംഗ് ഉദാഹരണമാണ്. സ്ഥലകാല വ്യത്യാസങ്ങൾക്കനുസരിച്ച് മാറ്റമാവശ്യമായ വിധികളും അപ്രകാരംതന്നെ. നമസ്കാരം 'ജംഉം ഖസ്‌റു'മാക്കാനുള്ള യാത്രയുടെ ദൂരപരിധി 83 കിലോമീറ്ററായി നിജപ്പെടുത്തിയ പഴയ ഇമാമുകളുടെ വിധി ഇപ്പോഴും സ്വീകരിക്കുകയാണെങ്കിൽ എന്തായിരിക്കും കഥ! അത് മൂന്നു ദിവസത്തെ വഴിദൂരമാണെന്ന് നിശ്ചയിച്ചവരുടെ അഭിപ്രായം സ്വീകരിച്ചാലോ? വല്ല ഗോളാന്തര യാത്രയിലേ 'ജംഉം ഖസ്‌റു'മാക്കാനൊക്കൂ. സ്ഥകാല വ്യത്യാസങ്ങൾക്കനുസരിച്ച് മാറാവുന്നതാണ് ഇത്തരം വിധികൾ.

ഇസ്‌ലാമിക രാഷ്ട്രീയവും ഇസ്‌ലാമിക രാഷ്ട്ര പുനഃസ്ഥാപനവും എതിർക്കപ്പെടുന്നത് ഖുർആനിക സമഗ്ര സങ്കൽപത്തിൽനിന്ന് വ്യതിചലിച്ചതിനാലാണെന്ന് എഴുതിക്കണ്ടു. അങ്ങനെയെങ്കിൽ സാക്ഷാൽ മുഹമ്മദ് നബി(സ)യും ഖുലഫാഉകളും എതിർക്കപ്പെട്ടതെന്തിനായിരുന്നു? ആ ഇസ്‌ലാമിക വ്യവസ്ഥയെ തകർക്കാനിറങ്ങിപ്പുറപ്പെട്ട പഴയ ബഹുദൈവവിശ്വാസികളെയും വേദക്കാരെയും റോമാ പേർഷ്യൻ സാമ്രാജ്യങ്ങളെയും അതിന് പ്രേരിപ്പിച്ചതെന്തോ അതുതന്നെയാണ് ഇക്കാലത്തെ പ്രതിലോമശക്തികളെയും നയിച്ചു

കൊണ്ടിരിക്കുന്നത്. അവർ പുറമേ പറയുക മറ്റു പലതുമായിരിക്കും.

സകാത്ത് സംബന്ധമായ ലേഖകന്റെ വീക്ഷണത്തിൽ പ്രകടമായ വൈരുധ്യമുണ്ട്. സകാത്തിന്റെ അവകാശികളായി വിശുദ്ധ ഖുർആൻ എണ്ണിപ്പറഞ്ഞ ഫഖീറും മിസ്‌കീനും ജാതി-മതഭേദത്തിന്നതീതർ, *ഫീ സബീലില്ല*യാകട്ടെ ഏതു മനുഷ്യന്റെയും നന്മക്കും സുഭിക്ഷതക്കും വേണ്ടി ചെലവഴിക്കാൻ മാത്രം അർഥവൈപുല്യമുള്ള പ്രയോഗം, *ഇബ്നുസ്സബീലോ* അഭയാർഥികളും പ്രകൃതിദുരന്ത ബാധിതരുമായി പിഴുതെറിയപ്പെട്ട മുഴുവൻ ജനവിഭാഗങ്ങൾ, എങ്കിൽ പിന്നെ *മുഅല്ലഫതു ഖുലൂബാ*യി ലേഖകൻ വിവരിക്കുന്ന ഇസ്‌ലാം വിരുദ്ധരല്ലാത്ത എല്ലാ അന്യസമൂഹങ്ങളും എന്ന അവകാശികൾക്കെന്ത് പ്രസക്തി? ഇന്ന് ഇസ്‌ലാമിന്റേതും കുഫ്‌റിന്റേതുമല്ലാത്തതായി രൂപപ്പെട്ടുവെന്ന് ലേഖകൻ പറയുന്ന വലിയ വലിയ സമൂഹങ്ങൾക്കും വിതരണം ചെയ്യണമെന്ന് പറയുന്ന സകാത്തോ, മുസ്‌ലിംകളിലെ ധനികരിൽനിന്ന് മാത്രം പിരിച്ചെടുക്കുന്ന നിശ്ചിത വിഹിതവും!

'ഒന്നുകിൽ ഗുരുക്കളുടെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത്' എന്ന ആത്യന്തിക നിലപാടിൽനിന്ന് മാറി പഴയ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ ഉൾക്കൊള്ളാവുന്നേടത്തോളം ഉൾക്കൊള്ളുകയും ആധുനിക പ്രശ്നങ്ങളെ കണക്കിലെടുക്കുകയും ചെയ്തുകൊണ്ടുള്ള ഒരു സന്തുലിതമായ നിലപാടാണ് നമുക്കാവശ്യം. തദ്‌വിഷയകമായ അടിസ്ഥാന യോഗ്യതകളുള്ളവരും സമുദായത്തിന്റെ സമ്മതിയാർജിച്ചവരും കൂടിയാകണം ഗവേഷകർ.

**അബൂ ഹിശാം**
**കുവൈത്ത്**

# ദൈവിക മതം സ്വയം സമ്പൂർണം

**'അരുത്** സഹോദരങ്ങളേ, അരുത്' എന്ന മുഖക്കുറിപ്പിനെ അഭിനന്ദിച്ച് വിനോദ്കുമാർ എടച്ചേരി എഴുതിയ കത്ത് (ലക്കം 36) ശ്രദ്ധേയമായിതോന്നി.

എന്നാൽ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളിൽ വാസ്തവവിരുദ്ധമായ ചിലതുമുണ്ടെന്ന് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. മുസ്‌ലിം സമുദായത്തിൽ ആർ.എസ്.എസ്സുമായി സാദൃശ്യമുള്ള സംഘടനകൾ ഉയർന്നുവരുന്നത് മുസ്‌ലിംകൾ പ്രതീക്ഷയോടെയാണ് കാണുന്നത് എന്ന് വിനോദ്കുമാർ എഴുതുന്നു. വസ്തുതയെന്താണ്? ഇത്തരം സംഘടനകളെ അത്യന്തം ആശങ്കയോടെയാണ് മുസ്‌ലിം സമൂഹം പൊതുവിൽ കാണുന്നത്. ഉത്തരവാദപ്പെട്ട എല്ലാ മുസ്‌ലിം സംഘടനകളും 'അക്രമത്തിന് പകരം അക്രമം' എന്ന നയത്തെ തീർത്തും തള്ളിപ്പറഞ്ഞിട്ടുണ്ട്.

'ഭൂരിപക്ഷസമുദായമായ ഹിന്ദുക്കൾ പൊതുവെ സമാധാനപ്രിയരാണ്' എന്ന് അദ്ദേഹം പറയുന്നതിനെ ഖണ്ഡിക്കുന്നില്ല. എന്നാൽ ന്യൂനപക്ഷസമുദായമായ മുസ്‌ലിംകൾ അപ്രകാരമല്ല എന്ന ധ്വനിയുണ്ടെങ്കിൽ അത് തീർത്തും അബദ്ധജടിലമാണ്.

'ഇന്ന് ഒരു മതത്തിനും സ്വയം സമ്പൂർണമാണെന്ന് അവകാശപ്പെടാനാവില്ല' എന്ന് വിനോദ്കുമാർ പറഞ്ഞത്, യഥാർഥ മതത്തെക്കുറിച്ച് മനസ്സിലാക്കാതെയാണ്. ജീവികളിൽ ബുദ്ധിയും ചിന്താശേഷിയും നൽകപ്പെട്ടിട്ടുള്ളത് മനുഷ്യന്നാണല്ലോ. മറ്റു ജീവികളെപ്പോലെ, മനുഷ്യരും തോന്നിയപോലെ ജീവിച്ചുകൊള്ളട്ടെ എന്ന നിലപാടല്ല ദൈവം സ്വീകരിച്ചിട്ടുള്ളത്. മനുഷ്യരുടെ ജീവിത വിജയത്തിനായി ദൈവം മനുഷ്യർക്ക് ഒരു ജീവിത വ്യവസ്ഥയും നൽകി. ഇതാണ് യഥാർഥ മതം. ഇതിന് സ്വയം സമ്പൂർണമെന്ന് അവകാശപ്പെടാൻ സാധിക്കും. സാക്ഷാൽ ദൈവം ഒന്നേയുള്ളൂവെങ്കിൽ, ആ ദൈവം പ്രദാനം ചെയ്ത ജീവിത വ്യവസ്ഥയായ യഥാർഥ മതവും ഒന്നേയുണ്ടാവുകയുള്ളൂ. 'ഇന്ന് നിലവിലുള്ള വേദഗ്രന്ഥങ്ങളിൽ ഏറ്റവും ആധികാരികത അവകാശപ്പെടാൻ കഴിയുക വിശുദ്ധ ഖുർആന് മാത്രമാണ്' എന്ന് കുറിപ്പുകാരൻ തന്നെ പറഞ്ഞുവല്ലോ. ആ ഖുർആനിൽതന്നെ ദൈവിക മതത്തിന്റെ പൂർണതയുടെ പ്രഖ്യാപനമുണ്ടെന്ന് കാണാം.

'ഇന്ത്യയിലെ മുസ്‌ലിംകൾ ഹൈന്ദവ സമൂഹത്തിലാണ് ജനിച്ചിരുന്നതെങ്കിൽ ഖുർആന്റെ വെളിച്ചം അവർ തിരിച്ചറിയുമായിരുന്നോ?' എന്ന ചോദ്യവും കഴമ്പുള്ളതല്ല. സത്യാന്വേഷണമനസ്സുണ്ടെങ്കിൽ ഏത് സമുദായത്തിൽ ജനിച്ചാലും ദൈവിക സന്മാർഗ വെളിച്ചം കണ്ടെത്താനും തിരിച്ചറിയാനുമാവും. മുസ്‌ലിമേതര സമുദായങ്ങളിൽ ജനിച്ച എത്രയോ പേർക്ക് ഖുർആന്റെ വെളിച്ചം കണ്ടെത്താനും ആ വെളിച്ചത്തെ സ്വന്തം ജീവിതത്തിന്റെ വഴികാട്ടിയാക്കാനും സാധിച്ചിട്ടുണ്ടല്ലോ.

**ടി.എം പെരിമ്പലം**

# വഅ്ള് പരമ്പരകളെ പുനരുജ്ജീവിപ്പിക്കുക

**ഈയിടെ** പാലക്കാട് ജില്ലയിലെ ഒരു മഹല്ലിൽ വിവാഹനിശ്ചയത്തിനു പോയതായിരുന്നു. ജുമുഅ നമസ്കാരത്തിനു ശേഷമായിരുന്നു ചടങ്ങ്. നിശ്ചിത സമയം കഴിഞ്ഞ് അരമണിക്കൂറായിട്ടും മഹല്ലിലെ പ്രസിഡന്റോ സെക്രട്ടറിയോ സ്ഥലത്തെത്തിയില്ല. ഞങ്ങൾ കാര്യം തിരക്കിയപ്പോൾ അറിയാൻ കഴിഞ്ഞത്, പ്രദേശത്തെ ആറിലധികം വരുന്ന മഹല്ലുകളുടെ പ്രസിഡന്റുമാരും സെക്രട്ടറിമാരും തൊട്ടടുത്തുള്ള ജാറമുള്ള പള്ളിയിലാണ് ജുമുഅക്ക് പോകാറുള്ളത് എന്നാണ്. അരി, തേങ്ങ, വാഴക്കുല... ഇങ്ങനെ ജാറത്തിലേക്ക് ലഭിക്കുന്ന വഴിപാടുകളുടെ ലാഭം പങ്കിട്ടെടുക്കാനാണത്രെ മഹല്ല് കമ്മിറ്റിയംഗങ്ങളെല്ലാം അങ്ങോട്ട് തള്ളിക്കേറുന്നത്. ലാഭവിഹിതം പങ്കുവെക്കുന്നത് കശപിശക്ക് കാരണമാവുന്നുണ്ടെന്നും അറിയാൻ കഴിഞ്ഞു.

ജാറങ്ങളിലേക്കും ദർഗകളിലേക്കും മഖ്ബറകളിലേക്കും പാമരജനങ്ങൾ നേർച്ചകളും കാണിക്കകളും അർപ്പിക്കുന്നതും അവിടങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നതും വിശ്വാസവൈകല്യങ്ങളാലാണ്. അവരുടെ അജ്ഞതയെ ജാറം നടത്തിപ്പുകാർ മുതലെടുക്കുന്നു.

തൗഹീദിന്റെ ശരിയായ വശം ജനങ്ങളെ ബോധവത്കരിക്കുന്നതിലൂടെ മാത്രമേ ഇതിന് തടയിടാനാവൂ. ഖബ്റാരാധകരെന്ന് വിളിച്ച് മാറ്റിനിർത്താതെ, സദുപദേശത്തോടും യുക്തിഭദ്രമായും അവരെ ശരിയായ സരണിയിലേക്ക് ക്ഷണിക്കുകയാണ് വേണ്ടത്. അതിന് ഉതകുന്ന കാര്യപരിപാടികൾ ആവിഷ്കരിക്കാൻ പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് കഴിയണം.

കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന 'വഅ്ള് പരമ്പരകൾ' പുതിയ രീതിയിലും ഭാവത്തിലും വിഷയാധിഷ്ഠിതമായും പുനരുജ്ജീവിപ്പിക്കാനായാൽ സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾക്ക് നാന്ദികുറിക്കാൻ കഴിയും. സാധാരണക്കാർക്ക് തൗഹീദിന്റെ യഥാർഥ ചൈതന്യം മനസ്സിലാക്കിക്കൊടുക്കാനുള്ള ലളിതമായ മാർഗമായി വഅ്ള് പരമ്പരകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

**അബൂ ഹബീബ് ദമ്മാം, കെ.എസ്.എ**